**പതിനാലാം കേരളനിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3563** **14.03.2017-ൽ മറുപടിക്ക്**

**ദുർമന്ത്രവാദത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറവിൽ വർദ്ധിച്ച വരുന്ന ദുർമന്ത്രവാദത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറവിൽ ചൂഷണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ; | (ബി) ദുർമന്ത്രവാദം നടത്തുന്ന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) മാറാരോഗങ്ങളും മറ്റ് അസുഖങ്ങളും ബാധിച്ച നിർദ്ധനരായ ആളുകൾ ഇത്തരം കേന്ദ്രങ്ങളിൽ പോയി ചൂഷണത്തിന് വിധേയരാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) കോഴിക്കോട് റൂറൽ ജില്ലയിൽ ഭാനു, W/o. ഹംസ രോഗശാന്തി നൽകാമെന്ന് പറഞ്ഞു വിശ്വാസികളിൽ നിന്നും പണം വാങ്ങി മന്ത്രവാദം എന്ന പേരിൽ വിശ്വാസികളെ ചതി ചെയ്ത കാര്യത്തിന് വടകര പോലീസ് സ്റ്റേഷനിൽ ക്രൈം നം. 360/17 U/S 511 of 420 IPC ആയി ഒരു കേസ് എടുത്തിട്ടുണ്ട്. |
| (ഡി) ദുർമന്ത്രവാദത്തിന്റെ മറവിൽ സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; ഏതൊക്കെ ജില്ലയിൽ; വിശദാംശം നൽകുമോ; | (ഡി) 5 പേർ മരണപ്പെട്ടിട്ടുണ്ട്. കൊല്ലം 1, പത്തനംതിട്ട 1, കോഴിക്കോട് റൂറൽ 1, മലപ്പുറം 2. |
| (ഇ) അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഇ) ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ